**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 763** **24-02-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള എത്ര അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്ക് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ലഭ്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25.05.2016 മുതൽ 15.02.2022 വരെ)<br>പട്ടികജാതിവിഭാഗങ്ങൾക്കെതിരെ 5855 കേസുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ 974 കേസുകളും ഉൾപ്പെടെ ആകെ 6829 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ കേസുകളിൽ എത്രയെണ്ണത്തിൽ കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 5855-ഉം ചാർജ്ജ് ഷീറ്റ് നൽകിയ കേസുകളുടെ എണ്ണം 3668-ഉം കോടതി ശിക്ഷിച്ച കേസുകളുടെ എണ്ണം 91-ഉം ആണ്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 974-ഉം ചാർജ്ജ് ഷീറ്റ് നൽകിയ കേസുകളുടെ എണ്ണം 694-ഉം കോടതി ശിക്ഷിച്ച കേസുകളുടെ എണ്ണം 13-ഉം ആണ്. |
| (സി) | പ്രസ്തുത വിഭാഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | അതിക്രമ നിരോധന നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അതിക്രമങ്ങൾ വർദ്ധിക്കാതിരിക്കുന്നതിനും ശക്തമായ നടപടികളാണ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും, ആഭ്യന്തര വകുപ്പും സ്വീകരിച്ചുവരുന്നത്. 1989 ലെ അതിക്രമ നിരോധന നിയമ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടായാൽ ആയത് PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നു. കൂടാതെ അതിക്രമ നിരോധന നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ആഭ്യന്തര |

| | | | |
|---|---|---|---|
| | | | വകുപ്പിലെ DySP റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും, എസ്.പി സ്പെഷ്യൽ സെല്ലിന്റെ നേതൃത്വത്തിൽ 6 മാസം കൂടുമ്പോൾ നോഡൽ ഓഫീസർമാരെയും അന്വേഷണ ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി കേസുകളുടെ റിവ്യൂ മീറ്റിംഗും നടത്തിവരുന്നു. സംസ്ഥാന പോലീസ് മേധാവി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വർക്കെതിരെയുള്ള കേസുകളുടെ അവലോകനങ്ങൾ യഥാസമയങ്ങളിൽ നടത്തി വരുന്നുണ്ട്. എന്തെങ്കിലും വീഴ്ചകൾ വരുകയാണെങ്കിൽ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി, District Level Vigilance and Monitoring Committee എന്നിവ കൂടി ഉടർ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. പട്ടികജാതി പ്രൊമോട്ടർമാർക്കും ജനപ്രതി നിധികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും എല്ലാ വർഷവും പട്ടികജാതി വികസന വകുപ്പ് പ്രഗദ്ഭരായ നിയമജ്ഞരെക്കൊണ്ട് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഈ നിയമനടത്തിപ്പിനെ വിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയായവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ച ചെയ്യുന്നതോടൊപ്പം തന്നെ കേസ് നടത്തിപ്പിന്റെ പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ